**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3118** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഊട്ടറ പാലത്തിന്റെയും റെയിവെ മേൽപാലത്തിന്റെയും പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും റെയിവെ മേൽപാലത്തിന്റെയും പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന വിവരം നൽകുമോ? | (എ) | പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ)നം. 942/2017/പൊ.മ.വ തീയതി 10.07.2017 പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിക്കുകയും ചെയ്തു.<br><br>പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് സ.ഉ.(സാധാ)നം. 828/2021/ആർ.ഡി. തീയതി 27.01.2021 ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചു.<br><br>റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി അംഗീകാരത്തിനായി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. ജി.എ.ഡി.ക്ക് റെയിൽവേയിൽ നിന്ന് അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പ്രൊപ്പോസലിന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കും.<br><br>ഊട്ടറ പുഴപ്പാലത്തിന് 2 കക്ഷികളിൽ നിന്നും 5.13 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. കക്ഷികളിൽ നിന്നും നിലവിൽ മുൻകൂറായി സ്ഥലം വിട്ടുതരുന്നതിനുള്ള സമ്മതപത്രം ലഭിച്ചിട്ടുള്ളതാണ്. അതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 06.09.2022 ന് കിഫ്ബിയുടെ അനുമതിക്കായി നൽകുകയും, 28.12.2022 ന് കിഫ്ബി പദ്ധതി |

| | | | |
|---|---|---|---|
| | | | ടെണ്ടർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി ഡിസൈൻ ചെയ്യുന്നതിനായി കൺസൾട്ടന്റായ M/s.RITES നെ 04.01.2023 ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഡിസൈൻ ലഭ്യമാക്കിയശേഷം ഉടൻ ഊട്ടറ പുഴപ്പാലം ടെണ്ടർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ